നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും കെ.ഇ.ആർ. വ്യവസ്ഥകൾക്കും അനുസൃതമല്ലാത്തതിനാലാണ് ടി നിയമനങ്ങൾ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകാതിരുന്നത്. തുടർന്ന് മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജികൾ പരിശോധിച്ച് ടി നിയമനങ്ങളിൽ മൂന്ന് നിയമനങ്ങൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഈ മാനേജർ ചട്ടവിരുദ്ധമായി നടത്തിയ നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടിയാനെതിരെ നടപടി സ്വീകരിക്കുവാൻ 3-10-2017-ലെ എച്ച്1/199/2017/പൊ.വി.വ. സർക്കാർ കത്തിലൂടെ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള നടപടികൾ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ വിജിലൻസ് സെക്ഷൻ സ്വീകരിച്ചുവരികയാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നോബിൾ ഗ്രൂപ്പിന്റെ അധീനതയിലുള്ള കൊല്ലം ജില്ലയിലെ കൊട്ടാരക്കര ഐ.ജി.എം.വി.എച്ച്.എസ്. മഞ്ഞക്കാല സ്കൂളിലെ ജീവനക്കാരുടെ വിവരങ്ങൾ മാനേജർ സമർപ്പിച്ച സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി കാണാത്തതിനാൽ വ്യക്തത വരുത്തുന്നതിനായി കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അഭിപ്രായം ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ചുമാത്രമേ അന്തിമ സീനിയോറിറ്റി ലിസ്റ്റ് അംഗീകരിച്ച് നൽകുവാൻ നിർവ്വാഹമുള്ളൂ.

(എഫ്) ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിലവിലുള്ള ഉത്തരവുകൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(ജി) നടപടികൾ സ്വീകരിച്ചുവരികയാണ്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

162 (3012) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തോടനുബന്ധിച്ച് നേമം നിയോജക മണ്ഡലത്തിൽ നിന്നും 5 കോടി രൂപയുടെ പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത കാലടി ഗവ.ഹൈസ്കൂളിലും 3 കോടി രൂപയുടെ പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത വാഴമുട്ടം ഗവ.ഹൈസ്കൂളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി, ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ കാലടി ഗവ.ഹൈസ്കൂളിൽ പ്ലസ് ടു കൂടി അനുവദി ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

LIBRARY ARCHIVES Kerala Legislative Assembly

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് നേമം നിയോജക മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള കാലടി ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതിയും അപ്രകാരം കിഫ്ബി മുഖേനയുള്ള അഞ്ച് കോടി രൂപയുടെ സർക്കാർ ധനസഹായത്തിനുള്ള അനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസ്'-നെ തെരഞ്ഞെടുക്കുകയും കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. മൂന്ന് കോടി രൂപയുടെ സർക്കാർ ധനസഹായത്തോടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി ആദ്യഘട്ടത്തിൽ പരിഗണിച്ചിട്ടുള്ള സ്കൂളുകളുടെ ലിസ്റ്റിൽ വാഴമുട്ടം ഗവ. ഹൈസ്കൂൾ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

(ബി) ഇക്കാര്യം പരിഗണനയിലില്ല.

## ഹൈടെക് ക്ലാസ് മുറികൾ

163 (3013) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനടക്കമുള്ള എല്ലാ പ്രവൃത്തികളും ചെയ്യുന്നതിന് സോഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പരിപാടിക്കായി കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രൊജക്ടറുകൾ, മറ്റുപകരണങ്ങൾ എന്നിവയ്ക്കായി ഓരോന്നിനും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഏത് കമ്പനിയാണ്/കമ്പനികളാണ് പ്രസ്തുത സാധനങ്ങൾ സപ്ലൈ ചെയ്യുന്നതെന്നും ഓരോ ഉൽപ്പന്നത്തിന്റെയും നിലവിലെ വിപണി വില, അതേ ഉൽപ്പന്നം സർക്കാരിന് ലഭ്യമാകുന്ന വില, അവയുടെ കോൺഫിഗറേഷൻ, എ.എം.സി. എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി ടെണ്ടർ ക്ഷണിച്ചിരുന്നോ; ഉണ്ടെങ്കിൽ ഏതെല്ലാം കമ്പനികളാണ് പങ്കെടുത്തതെന്നും ഓരോ കമ്പനിയും രേഖപ്പെടുത്തിയ തുക എത്രയാണെന്നും വിശദമാക്കുമോ?

### ഉത്തരം

(എ) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ക്ലാസ് മുറികൾ ഹൈടെക്

LIBRARY ARCHIVES Kerala Legislative Assembly